**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1513** **03-02-2026 - ൽ മറുപടിയ്ക്ക്**

**ഫോട്ടോഗ്രാഫി വീഡിയോഗ്രാഫി മേഖലയിലെ തൊഴിലാളികൾക്ക് ക്ഷേമനിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഫോട്ടോഗ്രാഫി വീഡിയോഗ്രാഫി മേഖലയിലുള്ള തൊഴിലാളികളെ ഉൾപ്പെടുത്തിക്കൊണ്ട് പുതിയ ക്ഷേമനിധി രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | നിലവിൽ പരിഗണനയിലില്ല. സംസ്ഥാനത്ത് ഫോട്ടോഗ്രാഫി വീഡിയോഗ്രാഫി മേഖലയിലുള്ള തൊഴിലാളികൾക്ക് കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമാകാവുന്നതാണ്. ടി മേഖലയിൽ സ്വയം തൊഴിൽ ഉൾപ്പെടെയുള്ള തൊഴിലാളികൾക്ക് അംഗത്വം എടുക്കാവുന്നതാണ്. കൂടാതെ മറ്റൊരു ക്ഷേമനിധി ബോർഡിലും അംഗമാകാത്ത ഫോട്ടോ/ വീഡിയോഗ്രഫി അനുബന്ധ തൊഴിലാളികൾ, ഫ്രീലാൻസ് ഫോട്ടോഗ്രാഫർമാർ എന്നിവർക്ക് അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമാകാവുന്നതാണ്. |
| (ബി) | പ്രസ്തുത വിഭാഗത്തിന് സർക്കാർതലത്തിൽ നിയമാനുസൃതമായ തിരിച്ചറിയൽ കാർഡ് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ബി) | കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ ഫോട്ടോഗ്രാഫി, വീഡിയോഗ്രാഫി മേഖലയിലുള്ള തൊഴിലാളികൾക്ക് ബോർഡിന്റെ വെബ് സൈറ്റിൽ നിന്നും നിയമാനുസൃതമായ തിരിച്ചറിയൽ കാർഡ് ലഭിക്കുന്നതാണ്. |
| (സി) | പ്രസ്തുത മേഖലയിലെ തൊഴിലാളികളായ അംഗങ്ങൾ സാംസ്കാരിക ക്ഷേമനിധിയിൽ നിന്ന് ഒഴിവാക്കപ്പെട്ട തീരുമാനം പുനഃപരിശോധിക്കാൻ തയ്യാറാകുമോ; വിശദാംശം ലഭ്യമാക്കാമോ; | (സി) | കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ സിനിമാ സീരിയൽ മേഖലയിൽ പ്രവർത്തിയ്ക്കുന്ന സ്റ്റിൽ ഫോട്ടോഗ്രാഫർമാർക്കാണ് നിശ്ചിത യോഗ്യതാമാനദണ്ഡത്തിൽ നിലവിൽ അംഗത്വം നൽകിവരുന്നത്. മറ്റുള്ള ഫോട്ടോഗ്രാഫേഴ്സിനെ സാംസ്കാരിക ക്ഷേമനിധി ബോർഡിൽ ഉൾപ്പെടുത്താൻ കഴിയുകയില്ല. |
| (ഡി) | ഓൾ കേരള ഫോട്ടോഗ്രാഫേഴ്സ് അസോസിയേഷൻ സംസ്ഥാന കമ്മിറ്റി സർക്കാരിന് നൽകിയ ഹർജിയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ഡി) | ഓൾ കേരള ഫോട്ടോഗ്രാഫേഴ്സ് അസോസിയേഷൻ സംസ്ഥാന കമ്മിറ്റി സർക്കാരിന് നൽകിയ വിവിധ നിവേദനങ്ങൾ പരിശോധിച്ച് ഈ വകുപ്പിൽ ലഭ്യമായ വിവരങ്ങൾ നിവേദകനെ കത്തുകൾ പ്രകാരം അറിയിച്ചിട്ടുള്ളതാണ്. കൂടാതെ നിവേദനങ്ങളിൽ ഉന്നയിച്ചിട്ടുള്ള ഈ വകുപ്പിൽ നടപടിയില്ലാത്ത വിവിധ |

| | | | |
|---|---|---|---|
| | | | ആവശ്യങ്ങളിൽ നിവേദകന് മറുപടി നൽകുന്നതിലേക്കായി ബന്ധപ്പെട്ട വകുപ്പുകൾക്ക് നിവേദനത്തിന്റെ പകർപ്പ് കൈമാറിയിട്ടുള്ളതുമാണ്. |
| (ഇ) | നിലവിൽ പത്തുവർഷം അംശദായം അടയ്ക്കാൻ കഴിയാത്ത ഫോട്ടോഗ്രാഫി വീഡിയോഗ്രാഫി മേഖലയിലെ തൊഴിലാളികളായ അംഗങ്ങളെ പെൻഷൻ നൽകുന്നതിൽനിന്ന് ഒഴിവാക്കിയിട്ടുണ്ടോ; അവർ അടച്ച തുക മാത്രം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ പുനഃപരിശോധന നടത്തി അവർക്ക് കൂടി ആനുപാതികമായി പെൻഷൻ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ഇ) | 2007-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി പദ്ധതിയിലെ അദ്ധ്യായം 6 ഖണ്ഡിക 34 പ്രകാരം കുറഞ്ഞത് 10 വർഷം തുടർച്ചയായി അംശദായം അടച്ച അംഗത്തിന് സ്ഥിരമായ ശാരീരിക അവശതമൂലം 2 വർഷത്തിലധികമായി ജോലി ചെയ്യാൻ കഴിയാതിരിക്കുന്ന അവസ്ഥ വന്നാലോ, 60 വയസ്സ് തികഞ്ഞാലോ അംഗത്തിന്റെ അപേക്ഷ പ്രകാരം പെൻഷൻ നൽകേണ്ടതാണ്. അംഗം അടവാക്കിയ തൊഴിലാളി വിഹിതവും തിരികെ നൽകുന്നുണ്ട്. നിലവിൽ പത്തുവർഷം അംശദായം അടയ്ക്കാൻ കഴിയാത്ത ഫോട്ടോഗ്രാഫി വീഡിയോഗ്രാഫി മേഖലയിലെ തൊഴിലാളികളായ അംഗങ്ങൾക്ക് ആനുപാതികമായി പെൻഷൻ നൽകുന്ന കാര്യം തല്ക്കാലം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ